**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3087** **14-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഡിസൈൻ ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്) -ൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തി "Minidam with regulator at Cheripadu across Teekoy river at Teekoy panchayath’’ എന്ന രീതിയിൽ രൂപ കല്പന പൂർത്തിയാക്കി 10/07/2014-ൽ ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതേ പ്രവൃത്തി റെഗുലേറ്റർ കം ബ്രിഡ്ജ് ആക്കി മാറ്റി രൂപ കല്പന ചെയ്യുവാനുള്ള ഡിസൈൻ ഇൻഡന്റ് 14/06/2023-ൽ ഐ.ഡി.ആർ.ബി യുടെ കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി. രൂപ കല്പന പുരോഗമിക്കവേ റിപ്പോർട്ട് ചെയ്ത ലെവൽസിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയും ആയതിൽ വ്യക്തതയ്ക്കായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ 08.12.2023-ൽ പ്രോജക്ട് 2 ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുമുണ്ട്. ടി വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഐ.ഡി.ആർ.ബി രൂപകല്പന പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഡിസൈൻ ലഭ്യമായതിനു ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ